# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 141 　　　　　　 28.01.2019 ൽ മറുപടിക്ക്

## ആസൂത്രിത അക്രമങ്ങൾക്കെതിരെ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര അധികാരത്തിന്റെ ബലത്തിൽ കലാപം ലക്ഷ്യമിട്ട് ചിലർ അക്രമം നടത്തുന്നത് കേരളത്തിലെ നിലവിലുള്ള സമാധാനാന്തരീക്ഷം പൂർണ്ണമായും തകർക്കുമെന്ന വസ്തുത ഗൗരവമായി കാണാതെ പോകുന്നത് മൂലം ഉളവാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുവാൻ ശ്രമിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളും സർക്കാർ വളരെ ഗൗരവമായി തന്നെ കാണുന്നുണ്ട്. അതനുസരിച്ച് ശക്തമായ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഉത്തരേന്ത്യൻ മാതൃകയിൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി സംഘപരിവാർ ശക്തികൾ സംസ്ഥാനത്തെ സമാധാന ജീവിതത്തിന് നിരന്തരമുണ്ടാക്കുന്ന ഭംഗത്തിനെതിരെ കർശന നടപടികൾ കൈക്കൊള്ളുമോ; | (ബി) സംസ്ഥാനത്തെ സമാധാന ജീവിതത്തിന് നിരന്തരമുണ്ടാക്കുന്ന ഭംഗത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇത്തരം അക്രമങ്ങൾക്ക് നിരവധി ക്യാമറ സാക്ഷ്യമുണ്ടായിട്ടും അക്രമികൾ ശിക്ഷിക്കപ്പെടാതെ പോകുകയോ അല്ലെങ്കിൽ ലഘുവകുപ്പുകൾ ചുമത്തി അക്രമകാരികളെ രക്ഷപ്പെടാൻ അനുവദിക്കുകയോ ചെയ്യുന്ന പോലീസിന്റെ നിലപാട് സംസ്ഥാനത്തുണ്ടാക്കാവുന്ന പ്രത്യാഘാതം ഗൗരവകരമായി കണ്ട് നടപടി സ്വീകരിക്കുമോ? | (സി) അക്രമം നടന്ന സ്ഥലങ്ങളിലെ ക്യാമറകൾകൂടി പരിശോധിച്ച് പ്രതികളെ മനസ്സിലാക്കി കേസുകളിൽ ഉൾപ്പെടുത്തി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം സംഭവങ്ങളെ വളരെ ഗൗരവമായിക്കണ്ട് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ